പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 825 30-06-2011-ൽ മറുപടി നൽകേണ്ടത്.

**"റവന്യൂ വകുപ്പിലെ റവന്യൂ - വില്ലേജ് സംയോജനം"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. വി.ശ്രേയാംസ് കുമാർ എം.എൽ.എ. | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹു. റവന്യൂ മന്ത്രി. |
| (എ) | കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ വില്ലേജ്- റവന്യൂ സംയോജനം പൂർണ്ണമായി നടപ്പിൽ വരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. 10/9/1984 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | മേല്പ്പറഞ്ഞ വില്ലേജ്- റവന്യൂ സംയോജന പ്രകാരം 1-11-1956 മുതൽ പൂർവ്വകാല പ്രാബല്യത്തിൽ സീനിയോരിറ്റി നടപ്പിലാക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവ് പ്രസ്തുത വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ടോ; | (ബി) | കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. |
| (സി) | ലാന്റ് റവന്യൂ വകുപ്പിലെ 09-09-1984 വരെയുള്ള കാലയളവിൽ അക്കൗണ്ട് ടെസ്റ്റ് ലോവറും, മാനുവൽ ഓഫ് ഓഫീസ് പ്രൊസീജ്യുവർ/ജില്ലാ ഓഫീസ് മാനുവൽ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് യോഗ്യത ആർജ്ജിച്ചിട്ടുള്ള വില്ലേജ് അസിസ്റ്റന്റുമാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (സി ) | 10/9/1984 ന് മുമ്പ് വരെ വില്ലേജ് അസിസ്റ്റന്റ്മാരുടെ സേവന വ്യവസ്ഥകൾ വില്ലേജ് മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് പ്രത്യേക ചട്ടപ്രകാരമാണ് നിർണ്ണയിച്ചിരുന്നത്. ടി ചട്ടപ്രകാരം വില്ലേജ് അസിസ്റ്റന്റ് തുടർ പ്രമോഷനുകൾക്ക് അക്കൗണ്ട് ടെസ്റ്റ് ലോവറും, മാനുവൽ ഓഫ് ഓഫീസ് പ്രൊസീജ്യുവർ/ജില്ലാ ഓഫീസ് മാനുവൽ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ്എന്നീ യോഗ്യതകൾ ആർജ്ജിക്കേണ്ടതില്ലായിരുന്നു. ആകയാൽ 9/9/84 വരെയുള്ള കാലയളവിൽ ടി യോഗ്യതകൾ നേടിയ വില്ലേജ് അസിസ്റ്റന്റ്മാരുടെ വിശദാംശങ്ങൾ ക്രോഡീകരിച്ചിരുന്നില്ല. അതുകൊണ്ട് അവരുടെ എണ്ണം ലഭ്യമല്ല. |

| | | | |
|---|---|---|---|
| (ഡി) | റവന്യൂ വകുപ്പിലെ വില്ലേജ് അസിസ്റ്റന്റുമാരുടെ സമാനശമ്പള സ്കെയിലുളള ലോവർ ഡിവിഷൻ ക്ലാർക്കുമാർക്ക് നൽകുന്ന പ്രൊമോഷൻ ആനുകൂല്യം മേല്പറഞ്ഞ ടെസ്റ്റ് യോഗ്യത ആർജ്ജിച്ചിട്ടുളള വില്ലേജ് അസിസ്റ്റന്റുമാർക്ക് നൽകി പ്രമോഷനിൽ അവസര സമത്വം പാലിച്ചിട്ടുണ്ടോ; | (ഡി) | പാലിച്ചിട്ടുണ്ട്. |
| (ഇ) | പാലിച്ചിട്ടില്ലെങ്കിൽ മേല്പറഞ്ഞ അപാകത പരിഹരിക്കുന്നതിന് അടിയന്തിര ഉത്തരവ് നൽകാമോ ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ